തൈക്കാട്ട ആശുപത്രിയിൽ കിടന്നിരുന്നതും കാശിക്കാരിയും അൻപതു വയസ്സു പ്രായം ഉള്ളവളും ഭുവനഭായി എന്നു പേരുവിളിക്കപ്പെടുന്നവളും ആയ ഒരു ഗോസായി സ്ത്രീ ഈ കഴിഞ്ഞ ൨൧-ാം മരിച്ചുപോയിരിക്കുന്നതായി അറിവു കിട്ടിയിരിക്കുന്നു. അവളുടെ അവകാശികളായി ആരെങ്കിലും ഉണ്ടെങ്കിൽ ഇന്നു മുതൽ ൩൦ ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി അവകാശത്തെ തെളിയിച്ചു രസീതു കൊടുത്തു താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന സാമാനങ്ങളെ വാങ്ങിക്കൊള്ളേണ്ടതാകുന്നു. അങ്ങിനെ ആരും ഹാജരായി ബോധിപ്പിക്കാത്ത പക്ഷം അവധി കഴിഞ്ഞാൽ ഉടൻ ടി സാമാനങ്ങളെ ലേലത്തിൽ വില്പിച്ചു കിട്ടുന്ന പണം സർക്കാരിലേക്ക മുതൽ കൂട്ടുന്നതാകുന്നു എന്നു

ഡർബാർ ഫിസിഷ്യൻ ആഫീസ്,
തിരുവനന്തപുരം.
൧൦൮൩ ഇടവമാസം ൨൭-

ഇ. പുന്നൻ എം. ഡി.,
ആക്ടിങ്ങ ഡർബാർ ഫിസിഷ്യൻ.

൧.	പ്ലീട്ടിഷ രൂപാ	(ഒന്നു)	൧
൨.	ടി കാൽ രൂപാ തുട്ടു	(രണ്ടു)	൨
൩.	ടി രണ്ടണാ തുട്ടു	(ഒന്നു)	൧
൪.	ചെമ്പു എട്ടു കാശു തുട്ടു	(ഒന്നു)	൧
൫.	ടി നാലു കാശു തുട്ടു	(മൂന്നു)	൩
൬.	ടി ഒരു കാശു തുട്ടു	(അഞ്ചു)	൫
൭.	ഇരുമ്പു പെട്ടി	(ഒന്നു)	൧
൮.	മൂടിയോടുകൂടിയ പിച്ചള പാത്രം	(ഒന്നു)	൧
൯.	പിച്ചള മൊന്ത	(ഒന്നു)	൧

കൊല്ലം താലൂക്ക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

മാന്താനംപുരം ക്ഷേത്രത്തിൽ കീഴ്ശാന്തിക്കു ൩ വഷം കാലസംഖ്യക്കു ൧൦൯ പണം മായി കീഴ്ശാന്തി മറിയപ്പൻ ശംകരനാരായണൻ പോററി ഏററിരുന്ന അടിയറയിടെ കാലാവധി ൧൦൯൬ാമാണ്ടു ധനുമാസം ൧൦-നു വരെ തീരുന്നതാകയാൽ വീണ്ടും അടിയറക്കു ആളേല്പ്പിക്കുന്നതിനു അനുവാദം ഉണ്ടാകണമെന്നും ടി ശാന്തിക്കു മാസം ൧ ക്കു ൧൦ പണം ശമ്പളം ഒണ്ടെന്നും മാന്താനംപുരം ദേവസ്വം ചന്തിരക്കാറൻ ൧൧ാമതു നമ്പരിൽ ൧൦൯൬ മേടം ൧൦-നു എഴുതിയ റിപ്പോട്ടു വന്നിരിക്കുന്നതും വീണ്ടും അറു വഷത്തേക്കു അടിയറക്കു ആളേല്പ്പിക്കുന്നതിനു ൧൦൯൬ാമാണ്ടു മിഥുനമാസം ൧൦-നു മുതൽ മൂന്നു ദിവസം ടി കച്ചേരിയിൽ വച്ചു ലേലം വിളിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതും ആകയാൽ മനസ്സുള്ള ആളുകൾ അവധി ദിവസം ഹാജരായി വിളികേൾക്കാമെന്നുള്ളതും കൂടുതൽ തുകക്കു ഏല്പ്പിക്കുന്നവരുടെ മേൽ ലേലം സ്ഥിരപ്പെടുത്തി ലേല തുകയിൽ നാലിൽ ഒന്നു ഡേമണി ലേലക്കാറൻ ഉടൻ കെട്ടിവെക്കേണ്ടതും ശേഷം തുക എഴുതി ബോധിപ്പിച്ചു ഉത്തരവു വന്നു തെയ്യപ്പെടുത്തുന്നതുപോലെയും ഒടുക്കേണ്ടതും ഹജ്ജിക്കാറന്റെ ചിലവിന്മേൽ അടിയറക്കച്ചീട്ടു എഴുതിവെപ്പാനുള്ളതും ആകുന്നു.

ഉത്തരവു വന്നു തെയ്യപ്പെടുത്തുന്നതുപോലെ ബാക്കി തുക ഒടുക്കാതെയിരുന്നാൽ ഡേമണി ഒടുക്കിയ പണം സക്കാരിലേക്കു മുതൽക്കൂട്ടുന്നതും ആവൎത്തിച്ചു ലേലം ചെയ്തു അതിൽവച്ചുണ്ടാകുന്ന നഷ്ടം ആദ്യ ലേലക്കാറനിൽ നിന്നും ഈടാക്കുന്നതും ആകുന്നു എന്നു

൧൦൯൬ാമാണ്ടു ഇടവമാസം ൧൦-നു

കൊല്ലം താലൂക്ക തഹശീൽദാർ,
കെ. മരുതനായകംപിള്ള.

നമ്പർ ൧൯൧൧ാമതു.

തിരുവനന്തപുരം ഉത്സവമഠം കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതെന്തെന്നാൽ

൧൦൯൭ാമാണ്ടത്തേക്കു മതിലകം ഉൾപ്പെട്ട ചിലവു വകക്കു ചന്ദനം, അഷ്ടഗന്ധം, പനിനീരു മുതലായതും അഗ്രശാലക്കു ആവശ്യപ്പെടുന്ന തുവരൻപരിപ്പു, കടല, കായം, കൊത്തമല്ലി മുതലായതും കുത്തകയായി ഏൾപ്പിക്കുന്നതിനു ആളേല്പ്പിക്കുന്നതിലേക്കു താഴെ പറയുന്ന വ്യവസ്ഥയോടുകൂടി വരുന്ന കക്കടകമാസം ൫-നു ടി കച്ചേരിയിൽ വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതും സാമാനവിവരം അടിയിൽ ചേൎത്തിരിക്കുന്നതും ആകയാൽ മനസ്സുള്ളവർ ലേലസമയം ഹാജരായി വിളികേൾക്കാവുന്നതാകുന്നു.

ഇതിൽ ഓരോ നമ്പരിൽ ചേൎന്ന സാമാനങ്ങളുടെ ലേലത്തിനു ഇരുപതു ബ്രിട്ടീഷു രൂപാ വീതം ഡേമണി കെട്ടിവച്ചതിൽ പിന്നീടു ചേരേണ്ടതാണു. ടി വക സാമാനങ്ങൾ ഒന്നാംതരമായും യാതൊരു ദൂഷ്യവും ഇല്ലാത്തതായും ഏൾപ്പിക്കേണ്ടതും ലേലത്തിൽ ഏററവും സഹായവിലയ്ക്കു ഏല്പ്പിക്കുന്നവരുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും ആകുന്നു.

ലേലം അവസാനിച്ച ഉടനെ സ്ഥിരപ്പെടുത്തപ്പെട്ടവരുടെ ഒഴികെ ശേഷം പേരു കെട്ടിവച്ച ഡമണിത്തുകയെ തിരിച്ചു കൊടുക്കുന്നതും ടലലത്തെപ്പററി എഴുതി ബോധിപ്പിച്ചു ഉത്തരവുണ്ടായതിൽ പിന്നീടു സ്ഥിരപ്പെടുത്തപ്പെട്ടവർ ലേലത്തിൽ ചേരാൻ കെട്ടിവച്ചതുൾപ്പടെ അതാതു കുത്തകക്കു കീഴ്പതിവുപോലെ വേണ്ട ഡേമണി രൊക്കം കെട്ടിവെക്കയും മുച്ചീട്ടു ഉടമ്പടി എഴുതിവെക്കയും ചെയ്യേണ്ടതും ആകുന്നു.

സ്ഥിരപ്പെടുത്തിക്കിട്ടിയാൽ മേൽപ്രകാരം നടക്കാതെയിരിക്കയും അതുനിമിത്തം ആവൎത്തിച്ചു ലേലം ചെയ്യുന്നതിനും അതിൽവച്ചു സക്കാരിലേക്കു നഷ്ടത്തിനും ഇടവരുന്നതായാൽ ആ നഷ്ടത്തിനെ ആദ്യ ലേലക്കാറനെ ഉത്തരവാദപ്പെടുത്തുന്നതു കൂടാതെ അയാൾ കെട്ടിവച്ചിട്ടുള്ള ഡേമണിയെ പ്രായശ്ചിത്തമായി മുതൽക്കൂട്ടുന്നതും ആവൎത്തനലേലത്തിൽ ലാഭം വന്നാൽ അതിലേക്കു ആദ്യ ലേലക്കാറനു അവകാശം സിദ്ധിക്കുന്നതല്ലാത്തതും ആകുന്നു.

ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സക്കാരിലെ യുക്തംപോലെ ആകുന്നു എന്നു ൧൦൯൬ മിഥുനം ൫-നു

ഒന്നാം തഹശീൽദാർ എം. പപ്പുപിള്ള.

സാമാനവിവരം.

൧.	ചന്ദനം തുലാം	
൨.	അഷ്ടഗന്ധദ്രവ്യങ്ങൾ കൊട്ടം മുതലായ സാമാനങ്ങൾ തുലാം	[illegible]
	കുന്തിരിക്കം കഴഞ്ചു	[illegible]
	കന്തിരിക്കം പലം	[illegible]
	ന്തൽ പലം	[illegible]
	അഞ്ജനക്കല്ലു കഴഞ്ചു	[illegible]
	സിന്ദൂരം കഴഞ്ചു	[illegible]
	പുനുകുതൽ	[illegible]
	പനിനീർ പറ	[illegible]
	കുങ്കുമം കഴഞ്ചു	[illegible]
	പൊച്ചം കുടി	[illegible]
൩.	ചെപ്പുടകൊരം തുലാം	[illegible]
൪.	വെള്ള ഏലം പലം	[illegible]

അഗ്രശാലച്ചിലവിനു

൫.	തുവരൻപരിപ്പു പറ	[illegible]
൬.	കടല പറ	[illegible]
	കൊത്തമല്ലി തുലാം	[illegible]
	കായം തുലാം	[illegible]
	മുതക്കുപയറു പറ	[illegible]
	ചുണ്ടക്കാവറ്റൽ പറ	[illegible]
	എള്ളു പറ	[illegible]

പത്മനാഭപുരം ഡിവിഷൻ കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ.

൧. ഈ കച്ചേരിയിലും ഈ ഡിവിഷനിൽ ചേർന്ന താലൂക്കുകൾ മുതലായ കീഴ് [illegible] ങ്ങളിലേയും ഉപയോഗത്തിനു [illegible] മാണ്ടു [illegible] ആവശ്യപ്പെടുന്ന [illegible] ങ്ങളും [illegible] മുതലായതും ബയന്റു ചെയ്യുന്നതിലേക്കുള്ള [illegible] അടിമാനം [illegible] ലം ചെയ്തു കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതാകകൊണ്ടു [illegible] ദിവസം ലേലത്തിൽ [illegible] ന്നതിനു മനസ്സുള്ള ആളുകൾ ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

൨. അങ്ങനെ ഹാജരാകുന്ന [illegible] ലേലത്തിൽ [illegible] ഷ്ടു രൂപാ വീതം ഡിപ്പോസിറ്റു വെയ്ക്കേണ്ടതും ഡിപ്പോസിറ്റു കെട്ടിവെയ്ക്കാത്തവരെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതുമാകുന്നു.

൩. മേൽപ്രകാരം ഡിപ്പോസിറ്റു വെയ്ക്കുന്ന എല്ലാവരേയും കൂടി നിറുത്തി ലേലം ചെയ്തു [illegible] സർക്കാരിലേയ്ക്കു [illegible] സ്ഥിരപ്പെടു ത്തി നടത്തിക്കയും ശേഷംപേർ ലേലത്തിൽ ചേരുന്നതിലേക്കായി കെട്ടിവെയ്ക്കുന്ന ഡിപ്പോ സിറ്റു തിരിച്ചു കൊടുക്കയും ചെയ്യുന്നതാണു.

൪. ലേലത്തിൽ സ്ഥിരപ്പെടുത്തുന്ന ആളുകൾ അങ്ങിനെ സ്ഥിരപ്പെടുന്ന തീയതി മുതൽ [illegible] ന്നു ദിവസത്തിനകം ലേലസമയം കെട്ടിവെക്കുന്നതുൾപ്പെടെ [illegible] രൂപാ ഡിപ്പോസിറ്റു വെക്കു യും അയാളുടെ ചിലവിന്മേൽ കീഴിലെ പതിവുപോലെ ഉടമ്പടി എഴുതി വെയ്ക്കയും ചെയ്യേ ണ്ടതാകുന്നു.

൫. അപ്രകാരം ചെയ്യാതെയിരുന്നാൽ മേൽപറഞ്ഞ [illegible] ദിവസത്തെ അവധി കഴിഞ്ഞു കൂടുമ്പോൾ ലേലസമയത്തു കെട്ടിവച്ചിട്ടുള്ള രൂപാ അഞ്ചും പ്രായശ്ചിത്തമായി മുതൽക്കൂട്ട [illegible] യും അതിൽ വച്ചു സർക്കാ [illegible] ലേലം ചെയ്തു കരാറ വേറെ ആളുകളെ ഏല്പിക്കുന്നതിലേക്കു [illegible] നഷ്ടവും സംഭവിക്കുന്നതായാൽ അയാളുടെ [illegible] നിന്നും [illegible] ക്കുകയും ചെയ്യുന്നതായിരിക്കും.

൬. ആവർത്തിച്ചുള്ള വേലത്തിൽ സർക്കാരിലേക്കു ലാഭം വരുന്നു എങ്കിൽ അതിലേക്കു ആദ്യവേലക്കാരനു അവകാശം പറവാൻ പാടില്ലാത്തതും ബയിൻറു ചെയ്തു ഏല്പിക്കേണ്ടതായ ബുക്കുകളുടെ വാല്യം മുതലായതിൻെറ വിവരങ്ങൾ വേലസമയം കാണിച്ചുതരുന്നതും വേലത്തിനു മുമ്പു ഒരു കച്ചേരിയിൽ ആരെങ്കിലും ചോദിച്ചാൽ മേൽപറഞ്ഞ വിവരങ്ങളും മനസ്സിലാക്കി കൊടുക്കേണ്ടതുമാകുന്നു.

൭. ചിത്രക വേലം വിളിക്കുന്നതു ഓരോ കച്ചേരിക്കും ആവശ്യമുള്ളതു പ്രത്യേകം പ്രത്യേകമായോ ഒന്നിലധികം കച്ചേരികൾക്കു ഒരുമിച്ചോ എല്ലാ കച്ചേരികൾക്കും വേണ്ടതു ഒന്നായോ യുക്തം പോലെ ചെയ്യുമെന്നുള്ളതാകുന്നു.

൮. വേലം സ്വീകരിക്കുന്ന ആൾ ഏതു കച്ചേരിയിലെ വകയായി ഏല്പിക്കുന്നുവോ ആ സ്ഥലത്തോ സർ. നിശ്ചയിക്കുന്നതു പോലെ ഡിവിഷൻ കച്ചേരിയിലോ മറ്റു ഏതെങ്കിലും സ്ഥലത്തോ ഹാജരായിരുന്നു ബയിൻറുവേല ചെയ്യേണ്ടതാകുന്നു എന്നു

൮൩ മിഥു ൬-നു

ആ: ദിവാൻ പേഷ്കാർ ശങ്കരൻ ശങ്കരൻ.

Notice.

It is hereby notified for the information of the Bar and the public, that the reprint of Volume VII (including the 4 parts and the Index) of the Travancore Law Reports is out of the press and copies thereof will be available for sale in the High Court Office for three months from this date (unless the stock—300 copies—runs out earlier), after which the copies remaining unsold will be transferred to Government.

In Travancore.

	S. Rs.	Chs.	Cash.
Price per copy	2	14	0
Packing and postage per copy ...	0	2	8
Total......	2	16	8

Outside Travancore.

	Rs.	As.
Price per copy	2	8
Packing and postage per copy ...	0	2
Total......	2	10

Orders unaccompanied by remittances *in full*, calculated at the above rates, will not be attended to. Remittances from the Mofussil may be made in Currency Notes, by Postal Money Order or Anchal Hundi or in half anna postage stamps with the usual discount.

High Court,
Trivandrum,
29th June 1908.
7th Mithunam 1083.

By Order.
P. C. VALLINAYAGOM PILLAI,
Registrar.

നമ്പർ [illegible]

തിരുവനന്തപുരം ഡിവിഷൻ കച്ചേരിയിൽനിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

നെയ്യാറ്റിൻകര താലൂക്കിൽ ചേർന്ന നെയ്യാറ്റിൻകര ഊട്ടിൽ തിരുവോണം [illegible] ഏല്പിക്കുക ൧൦൮൪-ാമാണ്ടത്തേക്കു അരിയും തൈരും നെയ്യും മറ്റും ആവശ്യമുള്ള കായ്കറി പലവ്യഞ്ജനം ഉൾപ്പെട്ട സാമാനങ്ങൾ കുത്തകയായി ഏല്പിക്കുന്നതിനു ആയതു ഏല്പിച്ചുകൊടുക്കുന്നതിലേക്കു ൧൦൮൩ വരുന്ന മിഥുനമാസം ൧൦-നു പകൽ ൧൧ മണിക്കു നെയ്യാറ്റിൻകര താലൂക്കു കച്ചേരിയിൽവച്ചു ലേലം ചെയ്യുവാൻ നിശ്ചയിച്ചിരിക്കകൊണ്ടു അതിലേക്കു മനസ്സുള്ളവർ ആ വധിക്കു ഹാജരായി ലേലത്തിൽ ചേർന്നു വിളികേൾക്കേണ്ടതാകുന്നു.

ലേലത്തിൽ ചേരുന്നതിനു ഓരോരുത്തരും ൫൦ രൂപാ ഡേമണി വയ്ക്കേണ്ടതും അല്ലാത്ത പക്ഷം ലേലത്തിൽ ചേർക്കുന്നതല്ലാത്തതുമാകുന്നു. ലേലം സ്ഥിരപ്പെട്ടതിന്റെ ശേഷം കുത്തകയിൽ എട്ടിൽ ഒരു സംഖ്യ അന്നേദിവസം തന്നെ ഡേമണി വയ്ക്കേണ്ടതും അല്ലാത്ത പക്ഷം ആദ്യ ഡേമണിയെ സർക്കാരിലേക്കു മുതൽകൂട്ടുന്നതു കൂടാതെ രണ്ടാമതു ലേലം വിളിപ്പിച്ചോ മറ്റൊ വേറെ വിധം വ്യവസ്ഥചെയ്തു നടത്തിക്കുന്നതിൽ വെച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും ലാഭം ഉണ്ടായാൽ അതിലേക്കു അവകാശം പറഞ്ഞുകൂടാത്തതും ആകുന്നു. ലേലം സ്ഥിരപ്പെട്ട ഉടനെ ശേഷംപേരുടെ ഡേമണി തിരിച്ചു കൊടുക്കുന്നതായിരിക്കും.

ഏല്പിക്കേണ്ടതായ സാമാനങ്ങളുടെ ഇനവും തരവും തവണയും സംഖ്യയും നെയ്യാറ്റിൻകര താലൂക്കു കച്ചേരിയിൽ ചോദിച്ചാൽ വിവരം പറയുന്നതുമാകുന്നു.

ഊട്ടുപടിയിൽ കൂട്ടലായോ കുറവായോ വേറെ വല്ല സാമാനമോ ആവശ്യപ്പെടുന്നതുപോലെ കുത്തകക്കാരൻ ഏല്പിക്കേണ്ടതാണു. [illegible] മാസത്തെ ഉള്ളതു ഏഴ ദിവസത്തേക്കു ഒന്നായും ശേഷം സാമാനങ്ങൾ തല്നാൾപ്പടിയും തൂക്കിയും അളന്നും എണ്ണിയും ഏല്പിപ്പാനുള്ളതും ഓരോ മാസം കഴിയുന്ന ഉടൻ കണക്കു തീർത്തു പണം കൊടുക്കുന്നതും കുത്തകയവധി കഴിഞ്ഞു സകല കണക്കുകളും നോക്കി നിശ്ചയപ്പെടുത്തി ഡേമണി തിരിയെ കൊടുക്കുന്നതുമാകുന്നു.

ഏതെങ്കിലും സാമാനങ്ങൾ തരാതരം അറിയിക്ക ശരിയായി ഏല്പിക്കാതിരിക്കയോ കുത്തകക്കാരന്റെ വീഴ്ചയിനാലോ തെറ്റിനാലോ വല്ല തകരാറുകളും നേരിടുകയോ ചെയ്താൽ അതിൽവച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു കുത്തകക്കാരൻ വച്ചിട്ടുള്ള ഡേമണിയും കുത്തകക്കാരന്റെ സ്വത്തുക്കളും ഉത്തരവാദിയാകുന്നതാകുന്നു.

ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു ൧൦൮൩-മാണ്ടു ഇടവമാസം ൩൧-നു.

ഡിപ്പിടിപേഷ്കാർ,
പി. രാമകൃഷ്ണയ്യർ.

Private Advertisement.

തിരുവിതാംകൂർ ഹൈക്കോട്ടിൽ നിന്നും
പ്രസിദ്ധപ്പെടുത്തുന്ന പരസ്യം.

ഹൈക്കോട്ടിൽ [illegible] മാണ്ടു അപ്പീൽ നമ്പർ [illegible]

കോട്ടയം മുൻസിപ്പു കോടതിയിൽ [illegible] ൽ സിവിൽ നമ്പർ [illegible]

അപ്പീൽ വാദി വിജയപുരം പ്രവൃത്തിയിൽ മാങ്ങാനം കരയിൽ പാലത്താററിൽ ചെറിയാൻ യോഹന്നാൻ അസൽ വാദി.

അപ്പീൽ പ്രതികൾ ൧. ടി കരയിൽ ചെമ്പകനെല്ലൂർ ഇല്ലത്തു ഇട്ടിൻ ഇട്ടിൻ നമ്പൂതിരിയുടെ മക്കളായ ഇട്ടിൻ ഇട്ടിൻ നമ്പൂതിരി

൨. ടി കരയിൽ ചെമ്പകനെല്ലൂരില്ലത്തു ഇട്ടിൻ കേശവൻ നമ്പൂതിരി അസൽ പ്രതികൾ.

ടി നമ്പരിൽ വാദി രണ്ടു പ്രതികളുടേയും മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കയും ൨ാം പ്രതി അമ്പലപ്പുഴ ക്ഷേത്രത്തിൽ ശാന്തിയും അതിനടുത്തു താമസവും ആകയാൽ ആ സ്ഥലത്തേക്കു സമൻസു അയക്കണമെന്നു വാദിഭാഗത്തു നിന്നും അപേക്ഷിച്ചു അതിൻപ്രകാരം അയച്ചതിൽ രണ്ടാം പ്രതി അവിടെ താമസം ഇല്ലെന്നും ഇങ്ങനെ ഒരാളിനെ കാണ്മാനില്ലെന്നും സമൻ മടങ്ങി വരികയും ചെയ്തിരിക്കുന്നു. ടി കേസു [illegible] മാണ്ടു കർക്കടകമാസം [illegible] വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേ ദിവസം പകൽ [illegible] മണിക്കു ൨ാം പ്രതിയോ കാര്യസ്ഥനോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട കോട്ട് വക്കീലോ ഹാജരായിക്കൊള്ളേണ്ടതും അങ്ങനെ ഹാജരാകാത്ത പക്ഷം ൨ാം പ്രതിയെക്കൂടാതെ കേസു തീർച്ചചെയ്യുന്നതുമാകുന്നു.

[illegible] മാണ്ടു മിഥുനമാസം [illegible] }

ഉത്തരവിൻ പ്രകാരം.
പി. സി. വള്ളിനായകംപിള്ള,
ഹൈക്കോട്ടു രജിസ്ട്രാർ.

പരസ്യം.

കൊട്ടാരക്കര മുൻസിപ്പു കോട്ടിൽ
[illegible] മാണ്ടു സിവിൽനമ്പർ [illegible]

വാദി.

അഞ്ചൽപ്രവൃത്തിയിൽ പനയഞ്ചേരി മുറിയിൽ ചിറ[illegible] വടക്കേ മഠത്തിൽ കൃഷ്ണയ്യൻ സുബ്രഹ്മണ്യയ്യൻ.

൨ാം പ്രതി.

വെട്ടിക്കവല പ്രവൃത്തിയിൽ തലച്ചിറ മുറിയിൽ പിലാവിള വീട്ടുകാരനായ ടി മുറിയിൽ ചരുവിള വീട്ടിൽ താമസിക്കുന്ന നാരായണൻ പരമേശ്വരൻ.

൨ാം പ്രതിയെ തെര്യപ്പെടുത്തുന്നതു.

വാദിയുടെ ജ്യേഷ്ഠൻ മരിച്ചുപോയ കൃഷ്ണയ്യൻ രാമയ്യൻ പേർക്കു മരിച്ചുപോയ കൃഷ്ണൻ നീലനും നാരായണൻ പരമേശ്വരനും കൂടി ൭൩ തുടി [illegible] എഴുതിക്കൊടുത്ത കടപ്പത്രപ്രകാരം പടി [illegible] പണം കൊടുപ്പിക്കണമെന്നു വാദി അന്യായപ്പെടുകയും ടി നമ്പർ തീർച്ച വിചാരണക്കായി [illegible] മാണ്ടു മിഥുനമാസം [illegible] അവധി വയ്ക്കുകയും ചെയ്തിരിക്കുന്നതിനാൽ അന്നേദിവസം പകൽ [illegible] മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ കോടതിയിൽ ഹാജരായി ഉത്തരം ബോധിപ്പിക്കാത്ത പക്ഷം കക്ഷിയെ കൂടാതെ നമ്പർ തീർച്ചപ്പെടുത്തുന്നതാകുന്നു എന്നു.

[illegible] മാണ്ടു മിഥുനമാസം [illegible]

ഉത്തരവുപ്രകാരം

ഹെഡ് ഗുമസ്താ സുബ്രഹ്മണ്യ മുതലിയാർ.

ஸ்ரீமன் நாராயண திரவியஸகாய கல்யாணகம்பெனி லிமிட்டட் ராஜாக்கமங்கலம்.

ஷை. கம்பெனி ஸிக்ருடேட்டரால் தயாருக்கப் பெட்டிருக்கும் ஷை கம்பெனியின் முடிவு கணக்கும் ரிப்போர்ட்டும் கம்பெனியாருக்கு அறிவிக்கும்படி [illegible] ஷை கம்பெனி ஆப்பீஸில் ஒரு மகாஸபை கூடபோகிறதென்பதை இதன் மூலமாயும் வெளியிடுகிறோம்.

[illegible] வைகாசி [illegible] }

ஸிக்ருடேட்டர்,
G. Soobiah.

NOTICE.

Two months hence, the undersigned intends applying to the Honorable the High Court of Travancore for enrolment as a Vakil thereof.

K. PARAMESWARAN PILLAI,
B. A., B. L.
District Court Vakil,
Trivandrum.

2nd Mithunam 1083.

NOTIFICATION.

Two months hence, the undersigned intends applying, to the Honorable the High Court of Travancore, for enrolment as a Vakil of the said court.

S. ACHYUTHA WARIYAR B. A. & B. L.,
Vakil, District Court,
Alleppey.

3rd Mithunam 1083.

നോട്ടീസ്.

[illegible]

കെ. പരമേശ്വരൻപിള്ള,
ബി. ഏ., ബി. എൽ.,
ഡിസ്ട്രിക്ട കോടതി വക്കീൽ,
തിരുവനന്തപുരം.

൧൦൮൩ മാണ്ട്
മിഥുനമാസം ൨-

നോട്ടീസ്.

രണ്ടുമാസം കഴിഞ്ഞു ഹൈക്കോടതി വക്കീലാകുന്നതിനു താഴെ പേരെഴുതിയിരിക്കുന്ന ആൾ അപേക്ഷിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു.

൧൦൮൩ മാണ്ട്
മിഥുനമാസം ൩-

എസ്. അച്യുതവാര്യർ
ബി. ഏ. ബി. എൽ.
ഡിസ്ട്രിക്ട കോടതി വക്കീൽ
ആലപ്പുഴ.

Travancore
Government Gazette,
Supplement.

Tuesday,
23rd June, 1908.



തിരുവിതാംകോട്ട് നിയമനിർമ്മാണസഭാ യോഗത്തിലെ നടപടി.

സഭായോഗം ൧൦൮൩ ജൂൺ ൧൯൦൮ ൨൨-ാം വൈകാശി ൯-ാം തിങ്കളാഴ്ച ൧൨ മണിക്ക് പുത്തൻകച്ചേരിയിൽ ദിവാൻ കച്ചേരി ചെയ്യുന്ന മുറിയിൽ കൂടി.

ഹാജർ :

ദിവാൻ ബഹദൂർ പി. രാജഗോപാലചാരി, എസ്ക്വയർ
ദിവാൻ—പ്രസിഡണ്ടായിരുന്നു.

എ. ഗോവിന്ദപ്പിള്ള, എസ്ക്വയർ ബി. എ. ബി. എൽ.

ആർ. അനന്തരായർ, എസ്ക്വയർ ബി. എ. ബി. എൽ.

കെ. പി. ശങ്കരമേനോൻ, എസ്ക്വയർ ബി. എ. ബി. എൽ.

എം. ഉദയവർമ്മരാജാ, എസ്ക്വയർ ബി. എ.

എസ്. സുബ്രഹ്മണ്യഅയ്യർ, എസ്ക്വയർ.

കെ. കെ. കുരുവിള, എസ്ക്വയർ ബി. സി. ഇ.

എ. ശ്രീനാരായണൻതമ്പി, എസ്ക്വയർ.

കെ. നാരായണൻ പണ്ടാല, എസ്ക്വയർ ബി. എ. ബി. എൽ. സെക്രട്ടറി.

സെക്രട്ടറി—മിസ്റ്റർ രാമൻതമ്പിയുടെ സ്ഥാനത്ത് നിയമനിർമ്മാണസഭയിൽ സർക്കാർ ഉദ്യോഗസ്ഥൻ അല്ലാത്ത സാമാജികനായി നിയമിക്കപ്പെട്ട മിസ്റ്റർ എ. ശ്രീനാരായണൻ തമ്പി ഇന്നു സഭയിൽ ഹാജരായിരിക്കുന്നു എന്നു ബോധിപ്പിച്ചുകൊള്ളുന്നു.

താഴെ പറയുന്ന ഹർജികൾ സഭയിൽ ബോധിപ്പിക്കപ്പെട്ടു.

അയച്ച ആൾ.	വിഷയം.
കോട്ടയത്തെ ജനങ്ങൾ	ഭൂനികുതിയും സർക്കാർ കടവുകളും വക ബിൽ
൨൭ വഷിക്കരെ ജനങ്ങൾ.	ടി ടി ടി
തെക്കുംഭാഗത്ത് താമസിക്കുന്ന വക്കീൽ മിസ്റ്റർ എച്ച്. രാമസ്വാമി അയ്യർ	സിവിൽകോട്ട് റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ

കോർട്ട്ഫീസ് റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ

മിസ്റ്റർ അനന്തരായർ—൧൦൭൨-ാമാണ്ടത്തെ ൨-ാം റെഗുലേഷൻ ആയ കോർട്ട്ഫീസ് റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ സഭയുടെ അടുത്ത സാധാരണ യോഗത്തിൽ ഹാജരാക്കുന്നതിനുള്ള അനുവാദത്തിനായി ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ ഗോവിന്ദപ്പിള്ള അതിനെ അനുകൂലമായി പറഞ്ഞു.

അപ്രകാരം അനുവാദം കൊടുക്കപ്പെട്ടു.

ക്രിമിനൽ നടപടി നിയമത്തെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

മിസ്റ്റർ അനന്തരായർ:— പ്രാസിക്യൂഷൻ നടത്തുന്നതിനു ഹെഡ്കാൺസ്റ്റബിൾമാൎക്ക അധികാരം കൊടുക്കത്തക്കവണ്ണവും ൧൧ാം വക കുററങ്ങളുടെ വിചാരണാധികാരത്തെ ക്രമപ്പെടുത്തുന്നതിനെ ഉദ്ദേശിച്ചും ക്രിമിനൽ നടപടി നിയമത്തെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ സഭയുടെ അടുത്ത സാധാരണ യോഗത്തിൽ ഹാജരാക്കുന്നതിനു ഞാൻ അനുവാദത്തിനു അപേക്ഷിക്കുന്നു.

മിസ്റ്റർ ഗോവിന്ദപ്പിള്ള അനുകൂലമായി പറഞ്ഞു.

അതുപ്രകാരം അനുവാദം കൊടുക്കപ്പെട്ടു.

൧൧ാംവക റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

മിസ്റ്റർ അനന്തരായർ:— ൧൦൭൪-ലെ IV-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൭൪-ലെ ൨-ാം റെഗുലേഷൻ ആയ ൧൧ാം റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ സഭയുടെ അടുത്ത സാധാരണ യോഗത്തിൽ ഹാജരാക്കുന്നതിനു അനുവാദത്തിനായി ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ ഗോവിന്ദപ്പിള്ള അനുകൂലമായി പറഞ്ഞു.

അതുപ്രകാരം അനുവാദം കൊടുക്കപ്പെട്ടു.

വക്കീല്ല് റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

മിസ്റ്റർ അനന്തരായർ:— ൧൦൮൫-ാമാണ്ടത്തെ ൩-ാം റെഗുലേഷൻ ആയ വക്കീല്ല് റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ സഭയുടെ അടുത്ത സാധാരണ യോഗത്തിൽ ഹാജരാക്കുന്നതിനു അനുവാദത്തിനായി ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ ഗോവിന്ദപ്പിള്ള അനുകൂലമായി പറഞ്ഞു.

അപ്രകാരം അനുവാദം കൊടുക്കപ്പെട്ടു.

൧൦൮൫-ാമാണ്ടത്തെ ൩-ാം റെഗുലേഷൻ ആയ പട്ടണങ്ങളുടെ സംരക്ഷണത്തിനും പരിഷ്കരണത്തിനും ഉള്ള റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

മിസ്റ്റർ അനന്തരായർ:— ൧൦൮൫-ാമാണ്ടത്തെ ൩-ാം റെഗുലേഷൻ ആയ പട്ടണങ്ങളുടെ സംരക്ഷണത്തിനും പരിഷ്കരണത്തിനും ഉള്ള റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ സഭയുടെ അടുത്ത സാധാരണ യോഗത്തിൽ ഹാജരാക്കുന്നതിനു അനുവാദത്തിനായി ഇന്നു ഇവിടെ ഹാജർ ഇല്ലാത്ത മിസ്റ്റർ വീയറാക്കു വേണ്ടി ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ ഗോവിന്ദപ്പിള്ള അനുകൂലമായി പറഞ്ഞു.

അപ്രകാരം അനുവാദം കൊടുക്കപ്പെട്ടു.

തിരുവിതാംകോട്ട നിക്ഷേപബിൽ.

മിസ്റ്റർ ശങ്കരമേനോൻ:— കഴിഞ്ഞ യോഗത്തിൽ എനിക്കു അനുവാദം തന്നതു അനുസരിച്ചു തിരുവിതാംകോട്ടെ നിക്ഷേപങ്ങളുടെ രക്ഷക്കു ഉതകുന്ന ഒരു ബിൽ ഇന്നു സഭയുടെ ആലോചനക്കായി ഞാൻ ഹാജരാക്കുന്നു. ഈ ബില്ലിനെ സാരവ്യാഖ്യാനവിവരണങ്ങളോടു കൂടി പ്രസിദ്ധം ചെയ്യുകയും മെംബർമാൎക്ക വഴിക്കുവഴി അയക്കുകയും ചെയ്തിട്ടുണ്ടു. സാരവ്യാഖ്യാനവിവരണങ്ങളുടെ ഒടുവിലത്തെ വാക്യം ഈ ബിൽ ഉണ്ടാകാനുള്ള തല്ക്കാല കാരണത്തെ വിവരിക്കുന്നു. ഗവൎമ്മെണ്ടു പുരാവസ്തുവിലേക്കു ദേശചരിത്രം സംബന്ധമായും പുരാതനവസ്തു വിജ്ഞാനസംബന്ധം ആയും ഉപയോഗപ്പെടുന്ന സാധനങ്ങളെ സമ്പാദിക്കുന്നതിന്റെ ആവശ്യത്തെ അറിയിക്കാതെ ഇരുന്നിട്ടുള്ളതായും അവയെക്കുറിച്ചുള്ള അറിവു അതുകൊണ്ടു യാതൊരു കാൎയ്യോപയോഗവും ഇല്ലാത്ത വിധത്തിൽ താമസിച്ചു ഗവൎമ്മെണ്ടിനു കിട്ടിയിട്ടുള്ളതായും അനേകം സംഗതികൾ കഴിഞ്ഞ കാലത്തു ഉണ്ടായിട്ടുണ്ടു. അതിൽ ഒന്നിനെ മാത്രം [illegible] പറയാം; അതും ഈയിടെ ഉണ്ടായിട്ടുള്ളതാകുന്നു. സ്വൎണ്ണത്തിലും വെള്ളിയിലും ചെമ്പിലും പലമാതിരിയിൽ ഉള്ള അനവധി പുരാതന നാണയങ്ങൾ കഴിഞ്ഞ ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ കടലേറ്റത്തിൽ കൂടുതൽ കടപ്പുറത്തു അടിച്ചു കയറുക ഉണ്ടായി. നാണയശാസ്ത്രസംബന്ധമായ പ്രയോജനത്തെ വിചാരിച്ചു അവയെ കഴിയുന്നെടത്തോളം അധികം ശേഖരിക്കുന്നതിനു ശ്രമിച്ചു; എന്നാൽ ഈ വിഷയത്തിലേക്കു നിയമം ഇല്ലായ്കയാൽ ആ ശ്രമങ്ങൾ പൂൎണ്ണമായി ഫലിച്ചില്ല. ഒരു നിക്ഷേപം കണ്ടെടുത്താൽ അതിനെ സംബന്ധിച്ചു കക്ഷികൾക്കുള്ള അവകാശത്തെപ്പററി ഇപ്പോൾ ഒരു നിശ്ചയവും ഇല്ലാതെ ഇരിക്കുന്ന

ദോഷത്തെ പരിഹരിക്കേണ്ടതാകുന്നു. ഈ ബിൽ ഇപ്പോൾ നടപ്പിൽ വരുത്തിയിരിക്കുന്ന പ്രകാരം ജനങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന അവകാശങ്ങളെ അപഹരിക്കുകയും, ഗവർമ്മെന്റിന്റെ ഉദ്ദേശ്യത്തിനു ആവശ്യമെന്നു തോന്നുന്ന നിക്ഷേപങ്ങളെ വിലയ്ക്കു വാങ്ങുന്നതിനു ഗവർമ്മെണ്ടിനു കഴിവുണ്ടാക്കുകയും ചെയ്യുന്നു. ബില്ലിന്റെ പ്രധാന സിദ്ധാന്തത്തെ സമ്മതിക്കുന്നുവെങ്കിലും ആലോചനക്കായി ഉടനെ അംഗീകരിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

മിസ്റ്റർ ഗോവിന്ദപിള്ള അനുകൂലമായി പറഞ്ഞു.

മിസ്റ്റർ കരുവാള:—സർ, ഈ ബില്ലു സംബന്ധിച്ചു എനിക്കു പറവാനുള്ള അഭിപ്രായങ്ങളിൽ പലതും അതിനെ പ്രത്യേക കമ്മിട്ടി പര്യാലോചിക്കുമ്പോൾ വേണ്ടപോലെയും അനുകൂലമായും പറയേണ്ടവ ആകുന്നു; അതുകൊണ്ടു ഇപ്പോൾ അവയെപ്പറ്റി പ്രതിപാദിക്കാൻ ഞാൻ ഒരുങ്ങുന്നില്ല. എന്നാൽ എന്റെ താഴ്മയായ അഭിപ്രായത്തിൽ ബില്ലിന്റെ പ്രധാന സിദ്ധാന്തത്തിന്റെ സാരമായ വിധത്തിൽ സംബന്ധിക്കുന്ന ഒന്നു രണ്ടു സംഗതികൾ ഉള്ളതുകൊണ്ടു, ബില്ലിന്റെ പ്രധാന സിദ്ധാന്തത്തെ സ്വീകരിക്കുന്നതിനു മുമ്പിൽ അവയെക്കുറിച്ചു സംസാരിക്കേണ്ടതു എന്റെ ധർമ്മം ആണെന്നു ഞാൻ വിചാരിക്കുന്നു.

ജനങ്ങൾക്കു അവരുടെ ജംഗമസ്വത്തുക്കളെ അന്യന്മാർ അവകാശം ഇല്ലാത്ത ആളുകളിൽ നിന്നു രക്ഷിക്കുന്നതിനു ശിക്ഷാനിയമത്തിൽ കളവ, അന്യായമായ മുതലെടുക്കൽ മുതലായവക്കുള്ള വ്യവസ്ഥകൾ സഹായിക്കുന്നു. അതിനാൽ ഈ ബില്ലിലെ വ്യവസ്ഥകൾ ഉടമസ്ഥൻ ഇന്നാർ ആണെന്നു അറിയാവുന്നതോ എളുപ്പത്തിൽ തെളിയിക്കാവുന്നതോ ആയ വസ്തുക്കളുടെ രക്ഷക്കു വ്യക്തമായും അതിരിക്തം ആകുന്നു. വാസ്തവത്തിൽ "നിക്ഷേപം" എന്ന വാക്കിന്റെ അർത്ഥം തന്നെ അതിന്റെ ഉടമസ്ഥൻ ആരാണെന്നു അറിയാൻ പാടില്ലെന്നു ഊഹിപ്പിക്കുന്നു. എന്നാൽ ഈ ബിൽ നിർഭാഗ്യത്താൽ ഉടമസ്ഥൻ ഇന്നാരെന്നു നിർവ്വാദമായി അറിയാവുന്ന നിധികളെയും പുരാതനവസ്തു ശാസ്ത്രജ്ഞന്മാർ വളരെ പണിപ്പെട്ടും ധനവ്യയം ചെയ്തും തേടിപ്പിടിച്ചു കുഴിച്ചെടുക്കുന്ന നിക്ഷേപങ്ങളെയും തമ്മിൽ മിശ്രമാക്കി കുഴക്കുകയും തന്മൂലം സാക്ഷാൽ ഉടമസ്ഥന്മാരെ സിവിൽ വ്യവഹാരങ്ങൾക്കും മററു ഉപദ്രവകരങ്ങളായ നടപടികൾക്കും ഉൾപ്പെടുത്തി ഉപദ്രവിക്കുകയും ചെയ്യുന്നു. ആധുനികന്മാരായ ഒരു അർത്ഥശാസ്ത്രജ്ഞൻ വിലയുള്ള നാണയങ്ങളെയോ ലോഹക്കട്ടികളെയോ കുഴിച്ചു വെക്കുന്നതിനെ നിന്ദിക്കുന്നതാകുന്നു; എന്നാൽ പണ്ടു രാജ്യഭരണം അവ്യവസ്ഥിതമായിരുന്ന കാലത്തിൽ ധനം സൂക്ഷിക്കുന്നതിനെ സംബന്ധിച്ചു ആളുകളുടെ ആശയങ്ങളും വലിയ ഗൃഹങ്ങളും മററും കെട്ടുമ്പോൾ ഉള്ള പ്രാരംഭ മംഗളകർമ്മങ്ങളും കല്ലറകളിലും അവരുടെ ഗൃഹങ്ങളുടെ അടിസ്ഥാനങ്ങളുടെ ചുവട്ടിലും പുരയിടങ്ങളിലും നിധികൾ കുഴിച്ചു വെക്കുന്നതിനെ അനുവദിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്നു. നിക്ഷേപബില്ലിലെ "നിക്ഷേപം" എന്ന വാക്കിന്റെ വിവരണത്തിൽ നിന്നു ഇങ്ങനെയുള്ള സാധാരണ നിധികളെ ഒഴിക്കാതിരിക്കുന്നതു വസ്തുവിന്റെ പവിത്രതയോടു വേണ്ടതായ ബഹുമാനത്തിനു വിപരീതമായിരിക്കും. സാധ്യകാര്യവിവരണങ്ങളും ൯, ൧൦, ൧൧ ൧൨ മുതലായ വകുപ്പുകളും ഈ വക നിധികളെ അപഹരിക്കുക അല്ല, ഈ നിയമത്തിന്റെ ഉദ്ദേശ്യം എന്നും പുരാതനവസ്തു വിദ്യക്കു പ്രയോജനപ്പെടുന്ന നിധികളെ രക്ഷിക്കയാകുന്നു ഇതിനെ മുഖ്യമായി പ്രേരിപ്പിച്ചിട്ടുള്ളതെന്നും നിശ്ചയമായി കാണിക്കുന്നു. അതുകൊണ്ടു, ഉടമസ്ഥന്മാരെയും സംഗ്രഹങ്ങളിൽ മുതൽ കഴിച്ചുവെച്ച ആളുകളുടെ സന്തതികളുടേയും അവകാശികളുടെയും അവകാശങ്ങളെ ഇല്ലാതെ ആക്കുന്നതല്ല ബില്ലു ഹാജരാക്കിയ ആളിന്റെ ഉദ്ദേശ്യം എന്നു വിശ്വസിച്ചുകൊണ്ടു നിക്ഷേപം എന്നുള്ള പദത്തിന്റെ വിവരണത്തെ ഭേദപ്പെടുത്തി അതു ൧൦൦ കൊല്ലം അടിയിലധികം മണ്ണിനു താഴെ കിടക്കുന്നതും സാധനങ്ങൾ ഒളിക്കപ്പെട്ടിട്ടുള്ള സ്ഥലത്തിന്റെ സാക്ഷാൽ ഉടമസ്ഥരല്ലാത്ത മററുവല്ല ആളുകളും കുഴിച്ചുവെക്കപ്പെട്ടതും ആയ പുരാതനവസ്തു സംബന്ധമായി ഉപയോഗമുള്ള ഏതെങ്കിലും വിലയേറിയ പദാർത്ഥങ്ങൾ മാത്രം സംബന്ധിക്കത്തക്കതാക്കി ബില്ലിന്റെ ഉദ്ദേശ്യത്തെ കുറച്ചുപ്പെടുത്തേണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ ഉദയവർമ്മരാജാ:—ആളുകൾ അവരുടെ സ്വാതന്ത്ര്യേച്ഛയിൽ നിന്നു നിക്ഷേപങ്ങൾ കണ്ടെടുക്കുന്ന കാര്യങ്ങളിൽ ഗവർമ്മെണ്ടു പ്രവേശിക്കേണ്ട ആവശ്യം ഇല്ല എന്ന എന്റെ സ്നേഹിതൻ മിസ്റ്റർ കരുവിള അഭിപ്രായപ്പെട്ടിട്ടുള്ളതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഈ ബില്ലു അങ്ങനെ നിക്ഷേപം കണ്ടെടുക്കുന്നവർക്കു യാതൊരു ഗുണവും ചെയ്യുന്നതിനു പകരം അവർക്കു നിശ്ചയമായി അനാവശ്യമായ ഉപദ്രവത്തെ ഉണ്ടാക്കുന്നതേയുള്ളു. ഈ അഭിപ്രായത്തോടുകൂടി ബില്ലിന്റെ പ്രധാന സിദ്ധാന്തത്തെ ഞാൻ അംഗീകരിക്കുന്നു.

ഈ ബില്ലിന്റെ പ്രധാന സിദ്ധാന്തത്തെ സഭ അംഗീകരിച്ചതുകൊണ്ടു മിസ്റ്റർ ശങ്കരമേനോൻ ബില്ലിനെ അടുത്ത സാധാരണ യോഗത്തിനു മുമ്പായി റിപ്പോർട്ടു ചെയ്യുന്നതിനായി മിസ്റ്റർ എ. ശ്രീനാരായണൻതമ്പി, മിസ്റ്റർ കെ. കെ. കരുവിള, മിസ്റ്റർ എസ്. പരമനാഥ അയ്യർ പ്രമേയകൻ ഇവർ ഉൾപ്പെട്ട ഒരു പ്രത്യേക കമ്മിറ്റിയെ ഏല്പിക്കണമെന്നു അഭിപ്രായപ്പെട്ടു.

അനുകൂലപ്രതികൂല ഭാവം നോക്കി സമ്മതിക്കപ്പെട്ടു.

വ്യാപാരവേലശാല, ബിൽ.

മിസ്റ്റർ ശങ്കരമേനോൻ:—ഈ ബില്ലിനെ നിങ്ങൾക്കു അഭിനന്ദനീയം ആക്കുന്നതിനു യുക്തികൾ പറയേണ്ട ആവശ്യകത ഉണ്ടു എന്നു ഞാൻ വിചാരിക്കുന്നില്ല. വ്യാപാരവേലശാലകൾ ഒരു രാജ്യത്തിലെ കച്ചവട സംബന്ധമായും തൊഴിൽ സംബന്ധമായും ഉള്ള വ്യവസായത്തിന്റെ പ്രധാന ലക്ഷണങ്ങളിൽ ഒന്നാകുന്നു. ഈ സംസ്ഥാനത്തെ വ്യാപാരവേലശാലകളുടെ എണ്ണം സ്ഥിരമായി വർദ്ധിച്ചുവരുന്നതായി കാണുന്നു; കഴിഞ്ഞ കൊല്ലം അവസാനത്തിൽ [illegible] വ്യാപാരവേലശാലകൾ ഉണ്ടായിരുന്നു. അവയിൽ, [illegible] കുട്ടികളും [illegible] സ്ത്രീകളും ഉൾപ്പെടെ [illegible] വേലക്കാർ ഉണ്ടായിരുന്നു. ഇവയിൽ [illegible] ശാലകൾ ആവിയന്ത്രം കൊണ്ടും [illegible] എണ്ണയന്ത്രം കൊണ്ടും ശേഷമുള്ളവ ജലപ്രവാഹശക്തിയോ, കൈവേലകളോ, വിദ്യുച്ഛക്തിയോ കൊണ്ടും നടത്തപ്പെട്ടിരുന്നു. വ്യാപാരവേലശാലകൾ നടത്തുമ്പോൾ പലമാതിരി ഉള്ള അപകടങ്ങൾ നിമിത്തം സംഭവ്യങ്ങൾ ആകുന്നു; അതിനാൽ അവയുടെ വേണ്ടപോലെയും തക്കതായും ഉള്ള മേൽനോട്ടത്തിനു വേണ്ട വ്യവസ്ഥകൾ ചെയ്തു അവയിൽ പണി എടുക്കുന്ന വേലക്കാരുടെ രക്ഷയേയും സുഖത്തേയും ദൃഢീകരിക്കേണ്ടതു എല്ലാ നാഗരിക ഗവർമ്മെണ്ടിന്റെയും ധർമ്മം ആകുന്നു. ഈ വക കാര്യങ്ങളിൽ സർക്കാർ പ്രവേശിക്കുന്നതായി പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള സംഗതികൾ, വേലക്കാരുടെ വയസ്സിനേയും അവർ വേല ചെയ്യേണ്ട സമയത്തേയും ക്രമപ്പെടുത്തുക, വേലക്കാരുടെ ശരീരരക്ഷയെ അപകടത്തിലാക്കത്തക്കവണ്ണം ഉള്ള യാദൃച്ഛിക സംഭവങ്ങളെ തടയുന്നതിനു തങ്ങളുടെ വ്യാപാരവേലശാലകളിൽ വേണ്ട മുൻകരുതലുകൾ ചെയ്യുന്നതിനു ശാലാമാനേജർമാരെ നിർബന്ധിക്കുക, ഇവയാകുന്നു. ഇപ്പോൾ ഈ മാതിരിയുള്ള വല്ല നിയന്ത്രണത്തേയും പ്രയോഗിക്കുന്നതിനു നിയമം ഒന്നും ഇല്ലായ്കയാൽ ഗവർമ്മെണ്ടിനു ഉത്തരവുകളെ അനുസരിപ്പിക്കുന്നതിൽ പലപ്പോഴും പ്രയാസം നേരിട്ടിട്ടുണ്ടു. നിങ്ങളുടെ മുമ്പിൽ വെക്കപ്പെട്ടിരിക്കുന്ന ബില്ലിന്റെ നക്കൽ ബ്രിട്ടീഷ് ഇന്ത്യയിലെ [illegible]-ലെ [illegible]-ാം നമ്പർ ആക്ടിനെ അനുസരിച്ചു എഴുതിയിട്ടുള്ളതാകുന്നു. ഈയിടെ ഉള്ള ബ്രിട്ടീഷ് ഇന്ത്യയിലെ വ്യാപാരവേലശാലാ കമ്മിഷന്റെ റിപ്പോർട്ട് പ്രസിദ്ധം ചെയ്യുന്നതുവരെ താമസിക്കുന്നതു പ്രയോജനകരമായിരിക്കുമായിരുന്നു എന്നു ചിലർ വാദിക്കുമായിരിക്കും. എന്നാൽ ഈ സംസ്ഥാനത്തെ വ്യാപാരവേലശാലകൾ ബാല്യദശയിൽ ഇരിക്കയാൽ ഗവർമ്മെണ്ടിനു കച്ചവടവ്യവസായങ്ങളുടെ അഭിവൃദ്ധിക്കു ഏറ്റവും പ്രധാനമായ ഘടകങ്ങൾ മേൽ ഏർപ്പാടുകൾ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യത്തിൽ അക്രമമായി പ്രവേശിക്കുന്നതായാലുള്ള ആപത്തിനെക്കുറിച്ചു നിയമംവണ്ണം ബോധ്യം ഉള്ളതുകൊണ്ടും, [illegible] പൊതുവായും അത്യന്തം പ്രധാനമായും ഉള്ള ചട്ടങ്ങളിൽ അധികമായി ഒന്നും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ലാത്തതുകൊണ്ടും അതുവരെ താമസിക്കുന്നതു അനാവശ്യമാകുന്നു എന്നു ഗവർമ്മെണ്ടു വിചാരിക്കുന്നു. ഈ അഭിപ്രായങ്ങളോടുകൂടി ബില്ലിന്റെ മുഖ്യസിദ്ധാന്തത്തെ അംഗീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ ഉദയവർമ്മ രാജാ:—ബില്ലിന്റെ പ്രമേയകാരൻ ഇതു [illegible]-ലെ [illegible]-ാം നമ്പർ ബ്രിട്ടീഷ് ഇന്ത്യൻ ആക്ടിനെ അനുസരിച്ചു എഴുതിയിട്ടുള്ളതാണെന്നു പറയുന്നു. ശരിയായി പറയുന്നപക്ഷം, [illegible]-ലെ [illegible]-ാം നമ്പർ ആക്ടിനാൽ ഭേദപ്പെടുത്തപ്പെട്ട ബ്രിട്ടീഷ് ഇന്ത്യയിലെ [illegible]-ലെ [illegible]-ാം നമ്പർ ആക്ടിനെ അനുസരിച്ചു നക്കൽ തയാറാക്കപ്പെട്ടിട്ടുള്ളതെന്നു പറയേണ്ടതായിരുന്നു. എന്തുകൊണ്ടെന്നാൽ [illegible]-ലെ ആക്ടിനാൽ ചേർക്കപ്പെട്ട പുതിയ വകുപ്പുകളും [illegible] ബില്ലിൽ കാണുന്നുണ്ടു. ആ ആക്ടിന്റെ സിദ്ധാന്തങ്ങൾ [illegible] എല്ലാ [illegible] സ്വീകരിക്കപ്പെട്ടിരിക്കുന്നതിനെ ഞാൻ അനുമോദിക്കുന്നു. ബില്ലിനെ ഭേദപ്പെടുത്തുന്ന ആക്ടിന്റെ [illegible] ചില ഭേദഗതികൾ [illegible] ഉള്ളതാണു. [illegible] സാഹചര്യങ്ങളിൽ, ബിൽ [illegible] സ്വീകരിച്ചുവിടുന്നതിനു എനിക്കുള്ള ഉദ്ദേശ്യത്തെ

വിവരിച്ചിരുന്നെങ്കിൽ അതു നമുക്ക ആശ്വാസപ്രദമായിരിക്കുമായിരുന്നു. എന്നാൽ വ്യാപാരവേലശാലകളിൽ കുടിക്കുന്നതിനു വെള്ളം വെക്കുന്നതിനുള്ള വ്യവസ്ഥ കക്കൂസുകളും പ്രത്യേകമായ മൂത്രപ്പുരകളും ഉണ്ടാക്കുന്നതിലേക്ക വ്യവസ്ഥ— ഇങ്ങനെ രണ്ടു പുതിയ മുഖ്യ വ്യവസ്ഥകൾ ചേർത്തിട്ടുള്ളതിലേക്കായി എന്റെ സ്നേഹിതനായ പ്രയോക്താവിനെ ഞാൻ അഭിനന്ദിക്കുന്നു. ഈ അഭിപ്രായങ്ങൾക്കവേണ്ടി വേലക്കാരും അവരുടെ നന്മയിൽ പ്രതിപത്തിയുള്ള ആളുകളും എത്ര കൃതജ്ഞന്മാരായിരുന്നാലും അധികം ആകുന്നതല്ല. മറ്റുള്ള വ്യവസ്ഥകൾ അവയുടെ ഓരോ ഭാഗങ്ങളും പ്രത്യേകമായി നോക്കുമ്പോൾ അഭിപ്രായവ്യത്യാസം ഉണ്ടാകാമെങ്കിലും നിസ്സംശയമായി പ്രയോജനകരങ്ങൾ ആകുന്നു. അവയെ ബില്ലിന്റെ ഈ ദശയിൽ പ്രസ്താവിക്കുന്നതു ആവശ്യമെന്നു ഞാൻ വിചാരിക്കുന്നില്ല. വ്യാപാരവേലശാലകളിലെ വേലയെ ക്രമപ്പെടുത്തുന്നതിനു നിയമം ഉണ്ടായിരിക്കേണ്ടതു അത്യാവശ്യം ആകുന്നു. അതിനാൽ ബില്ലിന്റെ പ്രധാന സിദ്ധാന്തത്തെ ഞാൻ അംഗീകരിക്കുന്നു.

സഭ ബില്ലിന്റെ പ്രധാന സിദ്ധാന്തത്തെ അംഗീകരിക്കയാൽ മിസ്റ്റർ ശങ്കരമേനോൻ, ബില്ലിനെ അടുത്ത സാധാരണയോഗത്തിനുമുമ്പെ റിപ്പോർട്ട് ചെയ്യുന്നതിനായി മിസ്റ്റർ എം. ശ്രീനാരായണൻ തമ്പി, മിസ്റ്റർ കെ. കെ. കുരുവിള, മിസ്റ്റർ എസ്. പത്മനാഭ അയ്യർ, പ്രയോക്താവു ഇവർ ഉൾപ്പെട്ട ഒരു സിലക്ട കമ്മിറ്റിയെ ഏല്പിക്കണമെന്നു അഭിപ്രായപ്പെട്ടു.

അനുകൂല പ്രതികൂല ഭാവംനോക്കി അനുവദിക്കപ്പെട്ടു.

സിവിൽകോർട്ടുകളെ സംബന്ധിച്ച ബിൽ.

മിസ്റ്റർ അനന്തരായർ:—തിരുവിതാംകോട്ടെ സിവിൽകോട്ടുകളെ സംബന്ധിച്ച നിയമത്തെ ഭേദപ്പെടുത്തുന്നതിനും ഏകീകരിക്കുന്നതിനും ഉള്ള ബിൽ സിലക്ടകമ്മിറ്റിയുടെ റിപ്പോർട്ടോടും ഭേദഗതികളോടും കൂടി ഇപ്പോൾ നിങ്ങളുടെ സമക്ഷം ഇരിക്കുന്നുണ്ടല്ലോ. ബില്ലിൽ ൨൦ വകുപ്പുകൾ ഉണ്ടെന്നും നിങ്ങൾക്ക അറിയാവുന്നതാകുന്നു. ൧-ാം ഭാഗത്തിൽ പ്രാഥമികഭാഗത്തെ സംബന്ധിച്ച രണ്ടു വകുപ്പുകൾ അടങ്ങിയിരിക്കുന്നു. ൨-ാം ഭാഗം ഹൈക്കോട്ടുകൾക്ക കീഴായി സിവിൽകോട്ടുകൾ സ്ഥാപിക്കുന്നതിനെയും അവയുടെ ഘടനയേയും വിവരിക്കുന്നു. (൩ മുതൽ ൭ വരെ വകുപ്പുകൾ) ഹൈക്കോട്ടുകൂടാതെ രണ്ടു വക സിവിൽ കോട്ടുകൾ സ്ഥാപിക്കപ്പെടണമെന്നു ബില്ലിൽ പറയുന്നു. ആ വക കോട്ടുകളുടെ എണ്ണം ഇത്ര എന്നു നിശ്ചയിക്കുകയോ കണക്കപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നു കാണുന്നതാകുന്നു. പൊതു ജനങ്ങളുടെ ആവശ്യങ്ങൾക്ക അനുസരിച്ചു അതിനെ ക്രമപ്പെടുത്തുന്നതിനു എല്ലായ്പോഴും ഗവർമ്മെണ്ടിനു അധികാരം ഉണ്ടു. സിവിൽ കോട്ടുകളുടെ അധികാരത്തെ കുറിച്ചു പ്രതിപാദിക്കുന്ന ൩-ാം ഭാഗത്തിൽ ൮ മുതൽ ൨൦ വരെ വകുപ്പുകൾ അടങ്ങിയിരിക്കുന്നു. ൮-ാം വകുപ്പു വല്ല സിവിൽകോട്ടിന്റെയും അധികാരസ്ഥലാതിർത്തിയെ നിർണ്ണയിക്കുന്നതിനും അതാതുകാലത്തു ഭേദപ്പെടുത്തുന്നതിനു ഗവർമ്മെണ്ടിനെ അധികാരപ്പെടുത്തുന്നു. ൯-ം ൧൦-ം ൧൧-ം വകുപ്പുകൾ ഡിസ്ത്രിക്ടു കോട്ടിന്റെ അധികാരത്തെ വിവരിക്കുന്നു. ൧൨-ം വകുപ്പു മുൻസിഫുമാരുടെ സാധാരണാധികാരത്തെയും ൧൩-ം വകുപ്പു മുൻസിഫുമാരുടെ സ്മാൾകാസ് അധികാരത്തെയും പ്രതിപാദിക്കുന്നു. ൧൪-ം ൧൫-ം വകുപ്പുകൾ സ്മാൾകാസ് വ്യവഹാരങ്ങളിൽ അനുവർത്തിക്കേണ്ട നടപടികളെ വിവരിക്കുന്നു. ൧൬-ം വകുപ്പു അപ്പീലുകളെ സംബന്ധിച്ചു പറയുന്നു. ൧൭-ം വകുപ്പു ചില ഭൂമികൾക്കുള്ള വ്യവഹാരങ്ങൾക്കുള്ള സ്ഥലത്തെക്കുറിച്ചും, ൧൮-ം വകുപ്പു സാക്ഷികളേയും കക്ഷികളേയുംകൊണ്ടു സത്യം ചെയ്യിക്കയോ സത്യവാചകം പറയിക്കയോ ചെയ്യുന്നതിനുള്ള അധികാരത്തെക്കുറിച്ചും വിവരിക്കുന്നു. ശരിയായി പറകയാണെങ്കിൽ ഈ രണ്ടു വകുപ്പുകളും ഈ റെഗുലേഷനിൽ വേണമെന്നില്ല. എന്നാൽ അവയെ സൗകര്യത്തിനുവേണ്ടി ഇവിടെ ചേർത്തിട്ടുള്ളതാകുന്നു. ൧൯-ം വകുപ്പു നാട്ടുകാരുടെ പിൻതുടർച്ചാവകാശം വസ്തു അവകാശക്രമം, വിവാഹം ജാതി അല്ലെങ്കിൽ വല്ല മതസംബന്ധമായ നടപ്പു സമ്പ്രദായമോ ഈ വിഷയങ്ങളെ സംബന്ധിച്ചു കോട്ടുകൾ ഉപയോഗിക്കേണ്ട നിയമത്തെ വിവരിക്കുന്നു. ൨൦-ം വകുപ്പു ഡിസ്ത്രിക്ടു ജഡ്ജിയോ മുൻസിഫോ തനിക്ക പ്രതിപത്തിയുള്ള വല്ല വ്യവഹാരങ്ങളേയും വിസ്തരിച്ചുകൂടാ എന്നു നിബന്ധനചെയ്യുന്നു.

മേല്പറഞ്ഞതു അടകപ്പാടെ ഉള്ള റെഗുലേഷന്റെ ഒരു സാരസംഗ്രഹം ആകുന്നു. മഹാന്മാരെ, ഇപ്പോഴത്തെ സിവിൽകോട്ട് റെഗുലേഷൻ സംസ്ഥാനത്തെ ഇപ്പോഴത്തെ ആവശ്യങ്ങൾക്ക മതിയാകുന്നില്ലെന്നും പൊതുജനങ്ങളുടേയും ശക്തിയിലധികം വേലചെയ്യുന്ന ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടേയും ഗുണത്തിനുവേണ്ടി റെഗുലേഷനെ ഭേദപ്പെടുത്തുന്നതു ഏറ്റവും അത്യാവശ്യമാണെന്നും വിചാരിക്കുന്നതിൽ നിങ്ങൾ എല്ലാവരും എന്നോടു യോജിക്കു

മെന്നുള്ളതിൽ എനിക്കു സംശയമില്ല. ഇപ്പോൾ അഭിപ്രായപ്പെട്ടിട്ടുള്ള റെഗുലേഷൻ ഈ ന്യൂനതകളെ പരിഹരിക്കുമെന്നും സംസ്ഥാനത്തിന്റെ അവസ്ഥകൾക്കു യോജിക്കുന്നതിനു മതിയാകുമെന്നും വിശ്വസിക്കുന്നു.

അതുകൊണ്ടു ബില്ലിനേയും റിപ്പോർട്ടിനേയും ആലോചനക്കായി എടുക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ ഉദയവർമ്മരാജാ:—സർ, സിലക്ട കമ്മിട്ടിയുടെ റിപ്പോർട്ടും അവരാൽ ഭേദപ്പെടുത്തപ്പെട്ടുവന്നിട്ടുള്ള ബില്ലും മേ ൧൩-യിലെ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും അതിന്റെ പ്രതികൾ മെംബർമാർക്കു ആ മാസം ൨൫-ന് കിട്ടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു നിയമനിർമ്മാണസഭാ വക ചട്ടങ്ങൾ ൩൩ാം വകുപ്പിൽ വിവരിച്ചിട്ടുള്ള വ്യവസ്ഥകളെ ഈ ബിൽ അനുസരിച്ചിട്ടില്ല. അതുകൊണ്ടു ബില്ലിനെ ഈ യോഗത്തിൽ ആലോചനക്കു എടുക്കണമെന്നുള്ള അഭിപ്രായത്തിനു ഞാൻ പ്രതികൂലൻ ആകുന്നു.

മിസ്റ്റർ സുബ്രഹ്മണ്യ അയ്യർ അനുകൂലമായി പറഞ്ഞു.

മിസ്റ്റർ അനന്തരായർ അപ്പോൾ ബില്ലിനെപ്പററി പര്യാലോചിക്കുന്നതിനു യോഗം ജൂൺ ൨൦-ന് ശനിയാഴ്ച ൧൧ മണിക്കു കൂടണമെന്നു അഭിപ്രായപ്പെട്ടു.

മിസ്റ്റർ ഗോവിന്ദപ്പിള്ള അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു.

പകൽ ൧൧ മണി അടിച്ചു ൪൦ മിനിട്ടിനു യോഗം പിരിഞ്ഞു.

പി. രാജഗോപാലചാരി,

പ്രസിഡണ്ടു.



TRAVANCORE GOVERNMENT GAZETTE.

Vol. XLVI.] TRIVANDRUM, TUESDAY, June 23, 1908. / Mithunam 10, 1083. No. 25.

EDUCATIONAL DEPARTMENT.

Proceedings of the Government of His Highness the Maharaja of Travancore.

Read :—

(1) Letter No. 90, dated 6-3-'08, from the Inspector of Schools, Northern Range, Letters Nos. 929 and 1172 of 1908, dated 11-3-'08 and 23-3-'08 respectively, from the Inspector of Schools, Central Range and Letters Nos. 832/H and 4399/G of 1083, dated 24-3-'08 and 30-3-'08 respectively, from the Inspector of Schools, Southern Range, forwarding lists of Sirkar Boys' Schools in their respective Ranges, located in places to which Eazhava boys could not have access.

Read again :—

(2) The representations made by Messrs. M. Govindan and K. Narayana Panickar, members of the Fourth Session of the Sree Mulam Popular Assembly, on the subject of the free admission of Eazhava children into public Schools.

(3) Huzur letter No. E. 61/1074 B dated 5-3-'04, to the Inspector of Schools, Southern Range, ordering the admission of Eazhava children into all the English Schools in his Range.

At the last session of the Sree Mulam Popular Assembly, Messrs. M. Govindan and K. Narayana Panickar, members, brought to the notice of Government certain disabilities of the Eazhava community in the matter of obtaining free admission into public schools in the State. Government then promised to call for lists of Sirkar Boys' Schools located in places to which Eazhavas could not have access. Lists of such schools were accordingly called for and received from the Range Inspectors. The reasons for the present exclusion of Eazhava children from these schools are said to be either their location near temples, the vicinity of Brahmin streets or palaces etc., or the attendance of caste girls at the schools.

Order thereon No. E 2041, dated 6th June 1908.

The only Sirkar English Schools not now open to Eazhavas are those at Shertallay and Vaikom. The former is at present held in the Palace buildings. Steps have already been taken to acquire a new site for the school. The Chief Engineer is requested to include the construction of a new building for the school in the list of works to be taken up in 1084, and to have it completed in the course of that year. The objection raised to the admission of Eazhavas into the Vaikom school is that it is "situated near the road leading to the temple, on both sides of which high caste people live." This is not a valid reason for the exclusion of Eazhavas from the school. The school is at present situated in a locality to which Eazhavas have access. It is several furlongs away from the temple. The mere fact of its situation on a road which leads to the temple or that high caste people live on

both sides thereof could not be a valid ground for excluding an important section of His Highness' subjects from the benefits of the instruction imparted in the school. The Inspector of Schools, Northern Range, is directed to throw open this school at once to the Eazhava boys also.

2. Among the Sirkar Vernacular Boys' Schools, the objections raised in reference to those at Thiruvettar, Alleppey and Changanacherry, would disappear when these schools are shifted to the buildings of the local English Schools, which latter have been abolished. Admission could be granted to Eazhava boys in Vezhapra Vernacular Middle School, a building for it having been recently rented by Government. The objection raised in regard to the Thodupuzha Vernacular Middle School for boys is that caste girls attend the school. Government do not consider this to be a valid ground for the nonadmission of Eazhava boys, and they therefore order the admission of the latter into the school. If there is a sufficient number of girls, a Girls' School may be opened separately.

3. All Sirkar Vernacular Boys' Schools in the State, except those mentioned in the appended list, are declared open to Eazhava boys. In regard to the schools in the list, steps will be taken to have them removed to sites to which all classes of His Highness' subjects can have access. The Inspectors of Schools will select suitable sites and report the matter to Government at an early date. In the case of the Primary Schools, the Inspectors should seek the help of the local Educational Boards.

By order,
R. MAHADEVA IYER,
Ag. Chief Secretary to Government.

List of Sirkar Boys' Schools situated in localities to which the Eazhava community could not have access.

1. Shertallay English Middle School.
2. Ambalapuzha Vernacular High School.
3. Parassala Vernacular Middle School.
4. Varkkala Do.
5. Shencottah Do.
6. Ayikkudi Do.
7. Karunagapalli Do.
8. Kayamkulam Do.
9. Adoor Do.
10. Vaikom Do.
11. Edapalli Do.
12. Krishnancoil Upper Primary School.
13. Kumarapuram Do.
14. Vallicode Do.
15. Ala Do.
16. Vennani Do.
17. Puthiyur Do.
18. Callercode Do.
19. Muttar Do.
20. Azhakiapandiapurom Lower Primary School.
21. Derisanomcope Do.
22. Anantapurom Do.
23. Thazhakudi Do.
24. Theroor Do.
25. Bhoothapandi Do.
26. Eraviputhoor Do.
27. Purakka Do.

28. Manampoor Do.
29. Navoikulam Do.
30. Vembayam Do.
31. Pattanapurom Do.
32. Pattazhy Do.
33. Vieyapurom Do.
34. Kunnathu Do.
35. Kunnathur Do.
36. Shampoor Vadakara Do.
37. Vayalar Do.
38. Kypuzha Do.
39. Thiruvarppu Do.
40. Eramalloor Do.
41. Aimmanam Do.
42. Puthettu Do.
43. Kaduthuruthi Do.
44. Nattakom Do.
45. Changanacherry Do.
46. Cheranalloor Do.
47. Manjapara Do.
48. Kottapuram Do.
49. Airoor Do.
50. Vadakkekara Do.
51. Ezhikkara Do.

തിരുവിതാംകൂറ് ഗവൎമ്മെണ്ട് പ്രൊസീഡിംഗ്സ്.

താഴെ എഴുതുന്നവയെ വായിച്ചു.—

(൧) വടക്കൻ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ ൧൯൦൮ മാൎച്ച് ൩൧-ാം ൧൦൨-ാം നമ്പ്രായും, മദ്ധ്യറേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ ൧൯൦൮ മാൎച്ച് ൨൧-ാം ൨൧൪൯-ാം നമ്പ്രായും, ൧൯൦൮ മാൎച്ച് ൨൭-ാം ൨൧൭൩-ാം നമ്പ്രായും, തെക്കൻ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ ൧൯൦൮ മാൎച്ച് ൨൭-ാം ൧൦൮൩-ലെ 832/H. നമ്പ്രായും, ൧൦൮൩-ലെ 4389/G. നമ്പ്രായും അവരവരുടെ റേഞ്ചുകളിൽ ഈഴവബാലന്മാൎക്കു പ്രവേശിക്കാൻ പാടില്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സൎക്കാർ വക ആൺ പള്ളിക്കൂടങ്ങളുടെ വക്കു ലിസ്റ്റുകൾ അയച്ചു എഴുതിയ ലെട്ടറുകൾ.

താഴെ എഴുതുന്നവയെ വീണ്ടും വായിച്ചു:—

(൨) സൎക്കാർ പള്ളിക്കൂടങ്ങളിൽ ഈഴവക്കുട്ടികളെ തടസ്ഥംകൂടാതെ ചേൎക്കേണ്ട വിഷയത്തെപ്പറ്റി ശ്രീമൂലം പ്രജാസഭയുടെ നാലാമത്തെ യോഗത്തിലെ മെംബൎമ്മാരായ മിസ്റ്റർ എം. ഗോവിന്ദനും മിസ്റ്റർ കെ. നാരായണപ്പണിക്കരും ബോധിപ്പിച്ച അഭിപ്രായങ്ങൾ.

(൩) തെക്കൻ റേഞ്ചിലെ എല്ലാ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലും ഈഴവക്കുട്ടികളെ ചേൎക്കുന്നതിലേക്കു ആജ്ഞാപിച്ചു. തെക്കൻ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടൎക്കു ൧൯൦൮ മാൎച്ച് ൩-ാം E. 61/1074 U. നമ്പരിൽ ഹജൂരിൽ നിന്നു അയച്ച ലെട്ടർ.

സംസ്ഥാനത്തിലെ സൎക്കാർ പള്ളിക്കൂടങ്ങളിൽ തടസ്ഥംകൂടാതെ പ്രവേശം ലഭിക്കേണ്ട കാൎയ്യത്തിൽ ഈഴവസമുദായത്തിനുള്ള ഏതാനും സങ്കടങ്ങളെപ്പറ്റി ശ്രീമൂലം പ്രജാസഭയുടെ ഒടുവിൽ കഴിഞ്ഞ യോഗത്തിൽ അതിലെ മെംബൎമ്മാരായ മിസ്റ്റർ എം. ഗോവിന്ദനും മിസ്റ്റർ കെ. നാരായണപ്പണിക്കരും ബോധിപ്പിച്ചു. ഈഴവന്മാൎക്കു പ്രവേശിക്കാൻ പാടില്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള സൎക്കാർ വക ആൺ പള്ളിക്കൂടങ്ങളുടെ വക്കു ലിസ്റ്റുകൾ വരുത്തുന്നതാണെന്നു ഗവൎമ്മെണ്ട് അഭിപ്രായപ്പെടുന്നു ചെയ്തു. അപ്രകാരം ഉണ്ടാക്കിയുള്ള പള്ളിക്കൂടങ്ങളുടെ വക്കു ലിസ്റ്റുകൾ അയച്ചുതരപ്പെടുകയും ആ ലിസ്റ്റുകൾ റേഞ്ച് ഇൻസ്പെക്ടൎമ്മാരുടെ പക്കൽ നിന്നു ലഭിക്കയും ചെയ്തു. ഈ പള്ളിക്കൂടങ്ങളിൽ ഈഴവക്കുട്ടികളെ ഇപ്പോൾ ചേൎക്കാതിരിക്കുന്നതിലേക്കുള്ള കാരണം അവ ക്ഷേത്രങ്ങൾക്കു സമീപത്തായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നോ അവയുടെ സമീപത്തു ബ്രാഹ്മണരുടെ ഭവനങ്ങളോ കൊട്ടാരങ്ങളോ മറ്റോ ഉണ്ടെന്നോ ആ പള്ളിക്കൂടങ്ങളിൽ ഉയൎന്ന ജാതിയിൽ ഉള്ള പെൺകുട്ടികൾ പഠിക്കുന്നുണ്ടെന്നോ ഉള്ള സംഗതിയാണെന്നു പറയുന്നു.

അതിന്മേൽ ചെയ്ത ഉത്തരവു നമ്പർ E. 2044. തിരുവനന്തപുരം ൧൯൦൮ ജൂൺമാസം ൧൭-ാം

ഈഴവന്മാൎക്കു ഇപ്പോൾ പ്രവേശിക്കാൻ കഴിവില്ലാത്ത സൎക്കാർ വക ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾ ചേൎത്തലയിലും വൈക്കത്തും ഉള്ളവമാത്രം ആകുന്നു. ചേൎത്തല ഇംഗ്ലീഷ് പള്ളിക്കൂടം ഇപ്പോൾ കൊട്ടാരത്തിൽ ആകുന്നു സ്ഥാപിക്കപ്പെട്ടിരിക്കുന്നതു. ആ പള്ളിക്കൂടത്തിലേക്കു ഒരു പുതിയ സ്ഥലം പൊന്നുംവില കൊടുത്തു ഒഴിപ്പിക്കുന്നതിനു നടപടികൾ ചെയ്തിട്ടുണ്ടു. ൧൯൦൮-൦൯-ാമാണ്ടിൽ പണി ചെയ്യുന്നതിലേക്കുള്ള വേലകളുടെ ലിസ്റ്റിൽ ആ പള്ളിക്കൂടത്തിലേക്കു ഒരു പുതിയ കെട്ടിടം ഉണ്ടാക്കുന്നതിനേയും ഉൾപ്പെടുത്തുകയും, ഈ വേലയെ അത്യാവശ്യമായി ചെയ്തു തീൎക്കയും ചെയ്യണം എന്നു ചീഫ് എഞ്ചിനീയൎക്കു എഴുതി അയച്ചിരിക്കുന്നു. വൈക്കം പള്ളിക്കൂടത്തിൽ ഈഴവന്മാരെ ചേൎക്കുന്നതിലേക്കു പറയുന്ന ആക്ഷേപം എന്തെന്നാൽ, ക്ഷേത്രത്തിലേക്കു പോകുന്നതും ഇരുവശത്തും ഉയൎന്ന ജാതി ജനങ്ങൾ വസിക്കുന്നതും ആയ റോഡിന്നു സമീപമായി ആ പള്ളിക്കൂടം ഇരിക്കുന്നു എന്നുള്ളതാകുന്നു. ആ പള്ളിക്കൂടത്തിൽ ഈഴവന്മാരെ ചേൎക്കാതിരിക്കുന്നതിലേക്കു ഇതു ന്യായമായ കാരണം അല്ല. സ്കൂൾ ഇപ്പോൾ സ്ഥാപിച്ചിരിക്കുന്നതു ഈഴവന്മാൎക്കു പ്രവേശിക്കാവുന്ന ഒരു സ്ഥലത്തു ആകുന്നു, അതു ക്ഷേത്രത്തിൽ നിന്നു അനേകം ഫർലാങ്ങ് ദൂരത്തിൽ ആകുന്നു. പള്ളിക്കൂടം, ക്ഷേത്രത്തിലേക്കു പോകുന്ന ഒരു റോഡിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നാകട്ടെ, ആ റോഡിന്റെ ഇരുവശത്തും ഉയൎന്ന ജാതി ജനങ്ങൾ വസിക്കുന്നു എന്നാകട്ടെ ഉള്ള സംഗതി മാത്രം, ഈ പള്ളിക്കൂടത്തിൽ നടക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണങ്ങളെ, തിരുമനസ്സിലെ പ്രജകളിൽ ഒരു പ്രധാന ഭാഗക്കാരായവൎക്കു നിഷേധിക്കുന്നതിലേക്കു ന്യായമായ കാരണം ആകുന്നതല്ല. ഈ പള്ളിക്കൂടത്തിൽ ഈഴവബാലന്മാൎക്കു ഉടൻതന്നെ പ്രവേശം കൊടുക്കണം എന്നു വടക്കൻ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടരോടു ആജ്ഞാപിക്കുന്നു.

൨. തിരുവട്ടാറും, ആലപ്പുഴയിലും, ചങ്ങനാശേരിയിലും ഉള്ള ഇംഗ്ലീഷ പള്ളിക്കൂടങ്ങളെ നിറുത്തിയിരിക്കയാൽ, അവ സ്ഥാപിക്കപ്പെട്ടിരുന്ന കെട്ടിടങ്ങളിലേക്ക അവിടങ്ങളിലുള്ള സർക്കാർ മലയാളം ആൺ പള്ളിക്കൂടങ്ങളെ മാറ്റുന്നതും സർക്കാർ മലയാളം ആൺ പള്ളിക്കൂടങ്ങളിൽ ഈ മൂന്നെണ്ണത്തിന്റെയും സംഗതിയിൽ പറയപ്പെടുന്ന ആക്ഷേപങ്ങൾ നീങ്ങുന്നതാകുന്നു. ചേർത്തല മലയാളം മിഡിൽസ്കൂളിലേക്ക ഈയിടെ ഗവൎമ്മെണ്ട ഒരു കെട്ടിടം വാടകയ്ക്കു വാങ്ങിച്ചിട്ടുള്ളതിനാൽ, ആ പള്ളിക്കൂടത്തിൽ ഈഴവ ബാലന്മാരെ ചേർക്കാവുന്നതാകുന്നു. തൊടുപുഴ ആൺ മലയാളം മിഡിൽസ്കൂളിന്റെ സംഗതിയിൽ പറയപ്പെടുന്ന ആക്ഷേപം, ഉയർന്നജാതി പെൺകുട്ടികൾ ആ പള്ളിക്കൂടത്തിൽ പഠിക്കുന്നുണ്ടെന്നുള്ളതാകുന്നു. ഈഴവബാലന്മാരെ ചേർക്കാതിരിക്കുന്നതിലേക്ക ഇതു ന്യായമായ ഒരു കാരണം ആണെന്നു ഗവൎമ്മെണ്ട വിചാരിക്കുന്നില്ല; അതുകൊണ്ടു അവർക്കു ആ പള്ളിക്കൂടത്തിൽ പ്രവേശം കൊടുക്കണം എന്നു ഗവൎമ്മെണ്ട ആജ്ഞാപിക്കുന്നു. വേണ്ടിടത്തോളം പെൺകുട്ടികൾ ഉണ്ടെങ്കിൽ, പ്രത്യേകമായി ഒരു പെൺ പള്ളിക്കൂടം സ്ഥാപിക്കാവുന്നതാകുന്നു.

൩. ഇതിനോടു ചേർത്തിരിക്കുന്ന ലിസ്റ്റിൽ പറഞ്ഞിട്ടുള്ളവ ഒഴികെ, സംസ്ഥാനത്തുള്ള സർക്കാർവക എല്ലാ നാട്ടുഭാഷാ ആൺപള്ളിക്കൂടങ്ങളിലും ഈഴവ ബാലന്മാർക്ക പ്രവേശം കൊടുക്കേണ്ടതാകുന്നു. ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന പള്ളിക്കൂടങ്ങളുടെ കാര്യത്തിൽ അവയെ, തിരുമനസ്സിലെ പ്രജകളിൽ എല്ലാ വിഭാഗക്കാർക്കും പ്രവേശിക്കാവുന്ന സ്ഥലങ്ങളിലേക്ക നീക്കിയിടുന്നതിനു നടപടികൾ ചെയ്യുന്നതാകുന്നു. പള്ളിക്കൂടം ഇൻസ്പെക്ടർമാർ തക്ക സ്ഥലങ്ങൾ തിരഞ്ഞെടുത്തു വിവരം വിളംബം കൂടാതെ ഗവൎമ്മെണ്ടിലേക്ക റിപ്പോർട്ട ചെയ്യണം. ഈ മാതിരി പള്ളിക്കൂടങ്ങളുടെ കാര്യത്തിൽ, ഇൻസ്പെക്ടർമാർ, അതതു സ്ഥലങ്ങളിലുള്ള എഡ്യുക്കേഷനൽ ബോർഡുകളുടെ സഹായം ആവശ്യപ്പെടേണ്ടതാകുന്നു.

ഉത്തരവിൻ പ്രകാരം,

ആർ. മഹാദേവയ്യർ,

ആക്ടിംഗ ഗവൎമ്മെണ്ട ചീഫ് സെക്രട്ടരി.

ഈഴവ ജാതിക്കാർക്ക കടന്നുപോകാൻ പാടില്ലാത്ത സ്ഥലങ്ങളിൽ ഇരിക്കുന്ന സർക്കാർ ആൺ പള്ളിക്കൂടങ്ങളുടെ ലിസ്റ്റ.

൧	ചേർത്തല ഇംഗ്ലീഷ് മിഡിൽസ്കൂൾ	
൨	അമ്പലപ്പുഴ മലയാളം ഹൈസ്കൂൾ	
൩	പാറശ്ശാല നാട്ടുഭാഷാ മിഡിൽസ്കൂൾ	
൪	വർക്കല	ഡി
൫	ചെങ്കോട്ട	ഡി
൬	ആയിക്കുടി	ഡി
൭	കരുനാഗപ്പള്ളി	ഡി
൮	കായംകുളം	ഡി
൯	അടൂർ	ഡി
൧൦	വൈക്കം	ഡി
൧൧	ഇടപ്പള്ളി	ഡി
൧൨	കൃഷ്ണൻകോവിൽ അപ്പർപ്രൈമറി പള്ളിക്കൂടം	
൧൩	കുമാരപുരം	ഡി
൧൪	വള്ളിക്കോട്	ഡി
൧൫	തലാ	ഡി
൧൬	വെണ്മണി	ഡി
൧൭	പത്തിയൂർ	ഡി
൧൮	കല്ലൂർക്കാട	ഡി
൧൯	കുട്ടൂർ	ഡി
൨൦	അഴകിയപാണ്ടിയപുരം ലോവർ പ്രൈമറി പള്ളിക്കൂടം	
൨൧	ശേനംകോപ്പ	ഡി
൨൨	അനന്തപുരം	ഡി
൨൩	താഴക്കുടി	ഡി
൨൪	തേരൂർ	ഡി

൨൫	ത്രിപ്പാണ്ടി	ലോവർ പ്രൈമറി പള്ളിക്കൂടം
൨൬	ഇരവിപുത്തൂർ	ടി
൨൭	പാക്ക	ടി
൨൮	മണമ്പൂർ	ടി
൨൯	നാവായിക്കുളം	ടി
൩൦	വെമ്പായം	ടി
൩൧	[illegible]	ടി
൩൨	പട്ടാഴി	ടി
൩൩	[illegible]	ടി
൩൪	കുന്നത്തു	ടി
൩൫	കുന്നത്തൂർ	ടി
൩൬	[illegible] വടകര	ടി
൩൭	വയലാറ്	ടി
൩൮	കൈപ്പുഴ	ടി
൩൯	[illegible]	ടി
൪൦	എരമല്ലൂർ	ടി
൪൧	[illegible]	ടി
൪൨	[illegible]	ടി
൪൩	[illegible]	ടി
൪൪	നാട്ടകം	ടി
൪൫	ചങ്ങനാശ്ശേരി	ടി
൪൬	ചേരാനല്ലൂർ	ടി
൪൭	മഞ്ഞപ്ര	ടി
൪൮	[illegible]	ടി
൪൯	അയിരൂർ	ടി
൫൦	വടക്കേക്കര	ടി
൫൧	ഏഴിക്കര	ടി

NOTICE.

It is proposed to destroy the following useless records of this Office, a month after publication of this notice:—

(1) Monthly returns and statements from schools, up to the end of 1080.

(2) Annual returns from schools up to the end of 1080.

(3) Duplicate copies of applications for leave, up to the end of 1080.

Office of the Inspector of Schools,
Southern Range,
Trivandrum, 22nd May 1908.

P. RAMASWAMY IYER,
Inspector of Schools.

TRAVANCORE GOVERNMENT GAZETTE.

Vol. XLVI. TRIVANDRUM, TUESDAY, June 23, 1908. / Mithunom 10, 1083. No. 25.

FOREST DEPARTMENT.

NOTICE.

Is hereby given that the old Range Office building put up in the Thompil compound Pazhevangadikara muri, Rani, will be sold by public auction in situation at 1 P. M. on the 27th Mithunom 1083/10th July 1908.

2. Intending purchasers should deposit Rs. 5 as earnest money before the auction commences and pay up the whole amount bid in auction on the spot and remove the building

3. For further particulars apply to the Range Officer, Rani.

Divisional Forest Office,
Koni,
22nd Edavom 1083.
4th June 1908.

L. P. D'CRUZ,
Ag. Divisional Forest Officer.

കോന്നി ഡിവിഷനൽ ഫാറസ്റ്റാഫീസിൽ നിന്നു.

പരസ്യം

റാന്നിപ്രവൃത്തിയിൽ പഴവങ്ങാടിക്കര മുറിയിൽ തൊമ്പിൽ പുരയിടത്തിൽ നില്ക്കുന്ന പഴയ റെയിഞ്ചാഫീസുകെട്ടിടം ൧൦൮൩-ാമാണ്ടു മിഥുനമാസം ൨൭-ാം൹ ൧൯൦൮ ജൂലൈമാസം ൧൦-ാം൹ പകൽ ൧ മണിക്കു സ്ഥലത്തുവച്ചു ലേലത്തിൽ വില്ക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

൨. ലേലത്തിൽ ചേരാൻ മനസ്സുള്ളവർ ലേലം ആരംഭിക്കുന്നതിനു മുമ്പായി ൫ രൂപാ നിരതദ്രവ്യം കെട്ടേണ്ടതും ലേലം കഴിഞ്ഞ ഉടൻ വിളിച്ചെടുത്ത തുക മുഴുവൻ ഒടുക്കി കെട്ടിടം പൊളിച്ചു മാററിക്കൊണ്ടു പൊയ്ക്കൊള്ളേണ്ടതും ആകുന്നു.

൩. കൂടുതലായി വല്ല വിവരവും അറിയേണ്ടിയിരുന്നാൽ റാന്നി റെയിഞ്ചാപ്പീസരുടെ അടുക്കൽ അന്വേഷിച്ചറിയാവുന്നതാകുന്നു.

കോന്നി
൧൦൮൩ ഇടവം ൨൨

ആ: ഡിവിഷനൽ ഫാറസ്റ്റാപ്പീസർ,
എൽ. പി. ഡിക്രൂസ്.

Notice.

Is hereby given that an iron safe of the dimensions noted at foot will be sold by public auction at the Divisional Forest Office, Trivandrum, on 20th Anny 1083/3rd July 1908.

Terms—Cash.

Divisional Forest Office,
Trivandrum.
2nd Vyasy 1083.

A. P. SMITH,
Divisional Forest Officer.

Length=20 inches
Breadth=19 inches } with lock and key.
Height=25 inches

തെക്കൻ ഡിവിഷനൽ ഫാറസ്റ്റാഫീസിൽ
നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

താഴെ വിവരിക്കുന്ന അളവിലുള്ള ഒരു ഇരുമ്പുപെട്ടി തെക്കൻ ഡിവിഷനൽ ഫാറസ്റ്റാഫീസിൽവച്ചു ൧൦൮൩ മിഥുനമാസം ൨൦-ാം ൹ ൧൯൦൮ ജൂലൈമാസം ൩-ാം ൹ ലേലത്തിൽ വില്ക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു

നീളം ൨൦ ഇഞ്ച
വീതി ൧൯ ഇഞ്ച് } താക്കോലും പൂട്ടും ഉണ്ട്
ഉയരം ൨൫ ഇഞ്ച്

തിരുവനന്തപുരം
൧൦൮൩ വൈകാശി ൨-ാം

ഡിവിഷനൽ ഫാറസ്റ്റാഫീസർ,
എ. പി. സ്മിത്ത്.

NOTICE.

Is hereby given that the right of collection and disposal of the Minor Forest Produce and the distillation of Lemon grass of the Idiyara, Neriamanglam and Manjapra Ranges of the Northern Division for the year 1084 will be sold separately by auction at Malayattur on the 23rd Mithunam 1083/6th July 1908.

2. The auction will commence at 1 P. M. when the intending purchasers shall have to deposit a sum of B. Rs. 5 (five) as earnest money.

